ഉപാധിരഹിത പട്ടയവിതരണം

149(845) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ഉപാധിരഹിത പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ സർക്കാർ ഉത്തരവ് 450/2009/RD തീയതി 16-11-2009 പ്രകാരം 7932 പേർക്ക് പട്ടയത്തിലെ "കോടതിവിധിക്ക് വിധേയമായിരിക്കും" എന്ന വ്യവസ്ഥ മാറ്റിക്കൊടുത്തിട്ടുണ്ട്. കൂടാതെ 16-11-2010-ലെ സർക്കാർ ഉത്തരവ് 456/2010/RD അനുസരിച്ച് 18951 പട്ടയം ഉപാധിരഹിതമാക്കി മാറ്റിയും നാളിതുവരെ കൊടുത്തിട്ടുണ്ട്. അർഹതയുള്ള മുഴുവൻ പേർക്കും ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളാ ഭൂമി പതിവ്, സ്പെഷ്യൽ റൂൾസ് 1993 (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരണം) പ്രകാരം മുമ്പ് നൽകിയിട്ടുള്ള പട്ടയങ്ങൾ ഉപാധിരഹിതമാക്കി മാറ്റുന്നതിനായി ജില്ലയിൽ 18059 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ടി റൂൾ പ്രകാരം ഉപാധിരഹിത പട്ടയം ലഭിക്കുന്നതിനായി പുതിയ 42000-ൽപ്പരം അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയത് പരിശോധിച്ചുവരുന്നതുമാണ്.

ആലുവ മണ്ഡലത്തിലെ പട്ടയത്തിനായുള്ള അപേക്ഷകൾ

150(847) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലുവ അസംബ്ലി നിയോജകമണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ആലുവ മണ്ഡലത്തിൽ എത്രപേരുടെ അപേക്ഷ പട്ടയത്തിനായി പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലുവ നിയോജക മണ്ഡലത്തിൽ 250 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ആലുവ മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള 40 അപേക്ഷകൾ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly